*പത്രക്കുറിപ്പ്*

*14.03.2017*

**സൈക്ലിങ് ആവേശവമുണർത്തി സിൽക്ക് എയർ ട്രിവാൻഡ്രം സൈക്ലത്തോൺ ഏപ്രിൽ എട്ടിന്**

തിരുവനന്തപുരം: സൈക്ലിങ് ആവേശത്തിന്റെ മണിമുഴക്കി ട്രിവാൻഡ്രം സൈക്ലത്തോണിന്റെ രണ്ടാംപതിപ്പിന് അരങ്ങൊരുങ്ങുന്നു. സൈക്ലിങ് പ്രോൽസാഹിപ്പിക്കാനും ആരോഗ്യകരമായ ജീവിതശൈലി വളർത്തിയെടുക്കാനുമായി സംഘടിപ്പിക്കുന്ന സംസ്ഥാനത്തെ ഏക കൂട്ട സൈക്കിളോട്ടമായ സിൽക്ക് എയർ ട്രിവാൻഡ്രം സൈക്ലത്തോൺ 2017 ഏപ്രിൽ എട്ടിന് നടക്കും.

വെള്ളയമ്പലം മാനവീയം വീഥിയിൽ രാവിലെ അഞ്ചു മണിക്ക് ഫ്ളാഗ് ഓഫ് ചെയ്യുന്ന സൈക്ലത്തോണിന്റെ റജിസ്ട്രേഷനു തുടക്കമായി. വെള്ളയമ്പലം-കവടിയാർ-പട്ടം-പിഎംജി-വെള്ളയമ്പലം സർക്യൂട്ടാണ് സൈക്ലിങ്ങിനായി നിശ്ചയിച്ചിട്ടുള്ളത്. സ്റ്റാർട്ടിങ് പോയിന്റായ മാനവീയം വീഥിയിൽ തന്നെയാണ് ഫിനിഷിങ്ങും.

വായുമലിനീകരണം കുറയ്ക്കാനും നഗരത്തെ വൃത്തിയും ആരോഗ്യവുമുള്ളതാക്കാനും ലക്ഷ്യമിടുന്ന സൈക്ലത്തോൺ സംഘടിപ്പിക്കുന്നത് സ്റ്റാർക്ക് കമ്യൂണിക്കേഷൻസാണ്. സിംഗപ്പൂർ എയർലൈൻസിന്റെ പ്രാദേശിക വിമാനക്കമ്പനിയായ സിൽക്ക് എയർ സ്പോൺസറും മാസ്റ്റർ കാർഡ് പാർട്ണറുമാണ്. നഗരത്തിലെ പ്രധാന സൈക്ലിങ് ക്ലബുകളായ ഇൻഡസ് സൈക്ലിങ് എംബസി, ട്രിവാൻഡ്രം ബൈക്കേഴ്സ് ക്ലബ് എന്നിവയുടെ സഹകരണവുമുണ്ട്.

കുട്ടികളുൾപ്പെടെ ഏതു പ്രായക്കാർക്കും പങ്കെടുക്കാം. പത്തിനും പന്ത്രണ്ടിനുമിടെ പ്രായമുള്ള കുട്ടികൾക്കായുള്ള 2.5 കി.മീ. സ്റ്റാർക്ക് കിഡ്സ് ഫൺ റൈഡ്, നിശ്ചയദാർഢ്യവും ശാരീരികശേഷിയുമളക്കുന്ന, 18 വയസ്സു തികഞ്ഞവർക്കുള്ള 40 കിലോമീറ്റർ ചാംപ്യൻസ് റൈഡ്, 13 വയസ്സു തികഞ്ഞവർക്കുള്ള 14 കിലോമീറ്റർ നീളുന്ന ട്രിവാൻഡ്രം ഫിറ്റ്നസ് റൈഡ്, 20 കിലോമീറ്റർ ടീം ചലഞ്ച് എന്നിങ്ങനെ വിവിധ ഇനങ്ങളിൽ സൈക്ലിങ്ങിനു സൗകര്യമുണ്ട്. രണ്ടു മണിക്കൂർ കൊണ്ടു ഫിനിഷ് ചെയ്യേണ്ട ചാംപ്യൻസ് റൈഡിന് അൻപതിനായിരം രൂപയാണ് ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് ആകെ സമ്മാനത്തുക. ഫിറ്റ്നസ് റൈഡിൽ ജേതാക്കളാകുന്നവർക്ക് ട്രോഫികളും എല്ലാ വിഭാഗങ്ങളിലും നിശ്ചിത സമയത്തിനുള്ളിൽ ഫിനിഷ് ചെയ്യുന്നവർക്ക് മെഡലുകളും പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും നൽകും.

A16, Elankom Gardens, Vellayambalam, Trivandrum 695 010 Ph: +91 471 4083 707 www.trivandrumcyclathon.in

ഹൃദയാഘാതം, പക്ഷാഘാതം, അമിതവണ്ണം, സന്ധിവാതം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങളെ ചെറുക്കാനും മനസ്സിന് ഉണർവു പകരാനും ഏറ്റവും ഫലപ്രദമായ വ്യായാമങ്ങളിലൊന്നാണ് പതിവായ സൈക്ലിങ് എന്ന സന്ദേശവുമായി രസികൻ പരിപാടികൾ ഉൾപ്പെടുത്തിയാണ് സൈക്ലത്തോൺ അരങ്ങേറുന്നത്.

മനോഹരമായ നഗരത്തിൽ ആരോഗ്യകരമായ ജീവിതം നിലനിർത്താനായി നടക്കുന്ന സൈക്ലത്തോണിന്റെ ഭാഗമാകാനുള്ള അവസരം സിൽക്ക് എയർ ആവേശത്തോടെ സ്വീകരിക്കുന്നുവെന്ന് മാനേജർ ജൂലിയസ് ലിം പറഞ്ഞു. 17 വർഷമായി തിരുവനന്തപുരത്തേക്കു സർവീസ് നടത്തുന്ന സിൽക്ക് എയറിന്, വിജയകരമായ ആദ്യപതിപ്പിനു ശേഷം വീണ്ടും സൈക്ലത്തോണുമായി സഹകരിക്കാൻ അവസരം കിട്ടിയത് ആഹ്ലാദകരമാണെന്നും അദ്ദേഹം പറഞ്ഞു.

സിൽക്ക് എയർ ട്രിവാൻഡ്രം സൈക്ലത്തോണിൽ റജിസ്റ്റർ ചെയ്യാൻ www.trivandrumcyclathon.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: +91 9946669958, ഇ-മെയിൽ info@trivandrumcyclathon.in